## PROVISIONAL ANSWER KEY

| | |
|---|---|
| Question Paper Code: | 144/2026/OL |
| Category Code: | 569/2025,636/2025 |
| Exam: | Boat Driver |
| Date of Test | 19-08-2026 |
| Department | Various/Irrigation |
| Language: | Malayalam |

Question1:-ഇൻലാന്റ് വെസൽ ആക്റ്റ് 2021 പ്രകാരമുള്ള നിയമങ്ങളെ എത്ര ചാപ്റ്ററുകളായി തിരിച്ചിരിക്കുന്നു ?

A:-X

B:-XV

C:-X X

D:-XVIII

Correct Answer:- Option-D

Question2:-
ഇൻലാന്റ് വെസൽ ആക്റ്റ് 2021 പ്രകാരം ഉൾനാടൻ ജലാശയങ്ങളിൽ 1.5 മീറ്റർ തിരമാലയുടെ ഉയരം
ഉള്ള സ്ഥലങ്ങളെ ഏത് സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നു ?

A:-സോൺ 1

B:-സോൺ 2

C:-സോൺ 3

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question3:-ഇൻലാന്റ് വെസൽ ആക്റ്റ് 2021 പ്രകാരം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ഏത് തരം ചുമതല വഹിക്കുന്നു

A:-നിർവ്വഹണ സമിതി

B:-കോംബീറ്റന്റ് അതോറിറ്റി

C:-നിർവ്വഹണ ഏജൻസി

D:-ഡെസിഗ്നേറ്റഡ് അതോറിറ്റി

Correct Answer:- Option-B

Question4:-ഏത് നിയമ പ്രകാരമാണ് 111 ജലപാതകളെ ദേശീയ ജലപാതകളായി പ്രഖ്യാപിച്ചത് ?

A:-ഐ. ഡബ്ളിയു. എ. ഐ. നിയമം 1985

B:-മർച്ചന്റ് ഷിപ്പിംഗ് നിയമം 1958

C:-നാഷണൽ വാട്ടർവെയ്സ് നിയമം 2016

D:-അന്തർ സംസ്ഥാന ജലപാത നിയമം 1977

Correct Answer:- Option-C

Question5:-പൈപ്പ് ജോയിന്റുകളുടെ ഫാസ്റ്റനിംഗുകൾ പൂർണ്ണമായും നീക്കുന്നതിനു മുൻപ് എന്ത് ഉറപ്പാക്കണം ?

A:-എഞ്ചിൻ നിർത്തിയിട്ടുണ്ടെന്ന്

B:-മർദ്ദം ഇല്ലെന്ന്

C:-ചീഫ് എഞ്ചിനീയർ എത്തിയെന്ന്

D:-അലാറം മുഴങ്ങിയെന്ന്

Correct Answer:- Option-B

Question6:-വെസലിലെ അടഞ്ഞുകിടക്കുന്ന ഇടങ്ങളിൽ (enclosed space) പ്രവേശിക്കുമ്പോൾ ഈ സ്ഥലങ്ങളിലെ ഓക്സിജന്റെ അളവ് എത്രയായിരിക്കണം ?

A:-10%

B:-20%

C:-50%

D:-25%

Correct Answer:- Option-B

Question7:-Inland Vessels (Life Saving Appliances) Rules നടപ്പിലാക്കുന്നതിലേക്കായി വെസലുകളെ എത്ര ക്ലാസുകളായി തരം തിരിച്ചിരിക്കുന്നു ?

A:-V

B:-II

C:-III

D:-IV

Correct Answer:- Option-C

Question8:-ഹൾ വർക്ക് ഇല്ലെങ്കിൽ ഫയർ ലൈൻ എത്ര ഹൈഡ്രന്റ് തുറന്നു സജ്ജമാക്കണം ?

A:-1

B:-3

C:-2

D:-4

Correct Answer:- Option-C

Question9:-1917-ലെ ജലഗതാഗത നിയമം മാറ്റി പുതിയ ജലഗതാഗത നിയമം 2021 കൊണ്ടുവന്നതിന്റെ പ്രധാന കാരണം എന്താണ് ?

A:-ആധുനീകവും ഏകീകൃതവുമായ നിയന്ത്രണ സംവിധാനം നടപ്പിലാക്കുക

B:-രജിസ്ട്രേഷൻ ഒഴിവാക്കുക

C:-ജലപാതകൾ നിയന്ത്രണം ഒഴിവാക്കുക

D:-സുരക്ഷാ പരിശോധനയിൽ ഇളവ് നൽകുക

Correct Answer:- Option-A

Question10:-താഴെ പറയുന്നവയിൽ വെസലിൽ ഉപയോഗിക്കുന്ന ഹാന്റ് ടൂൾ (hand tool) അല്ലാത്തത് ഏത് ?

A:-സിലിണ്ടർ ലൈനർ

B:-ക്രാങ്ക് ഷാഫ്റ്റ്

C:-കണക്റ്റിംഗ് റോഡ്

D:-ഇവയെല്ലാം

Correct Answer:- Option-D

Question11:-ബഹിർദഹന എഞ്ചിന് ഉദാഹരണം

A:-പെട്രോൾ എഞ്ചിൻ

B:-ഡീസൽ എഞ്ചിൻ

C:-ആവി എഞ്ചിൻ

D:-ഇവയെല്ലാം

Correct Answer:- Option-C

Question12:-ചെറിയ ജലവാഹനങ്ങളിൽ ഏതു തരം എഞ്ചിനുകളാണ് സാധാരണ ഉപയോഗിക്കുന്നത് ?

A:-ഡീസൽ/പെട്രോൾ എഞ്ചിൻ

B:-ഹെവി ഓയിൽ എഞ്ചിൻ

C:-ആവി എഞ്ചിൻ

D:-ഇവയെല്ലാം

Correct Answer:- Option-A

Question13:-എഞ്ചിന്റെ ഭാരം കൂടിയ ഭാഗം

A:-സിലിണ്ടർ

B:-ലൈനർ

C:-ബ്ലോക്ക്

D:-പിസ്റ്റൺ

Correct Answer:- Option-C

Question14:-2 സ്ട്രോക്ക് എഞ്ചിനുകളുടെ ഫ്ലൈവീൽ __________ ആയിരിക്കും.

A:-ചെറുത്

B:-വലുത്

C:-ഇടത്തരം

D:-എല്ലാം ശരി

Correct Answer:- Option-A

Question15:-ലൂബ്രിക്കേഷൻ സിസ്റ്റത്തിന്റെ ധർമ്മം

A:-ഘർഷണം കുറക്കൽ

B:-തേയ്മാനം കുറക്കൽ

C:-പൊടിപടലങ്ങൾ നീക്കൽ

D:-ഇവയെല്ലാം

Correct Answer:- Option-D

Question16:-എഞ്ചിനുകളെ തണുപ്പിക്കുന്നതിനുള്ള സംവിധാനം

A:-ഓയിൽ

B:-വെള്ളം

C:-വായു

D:-ഇവയെല്ലാം

Correct Answer:- Option-D

Question17:-ഡീസൽ എഞ്ചിനുകളുടെ പ്രത്യേകത

A:-വലിപ്പം കൂടുതൽ

B:-വില കൂടുതൽ

C:-A & B ശരി

D:- A & B തെറ്റ്

Correct Answer:- Option-C

Question18:-റഡറുകളുടെ ഉപയോഗം

A:-ഗതി നിയന്ത്രണം

B:-ദൂരെയുള്ള വസ്തുക്കളെ കാണാൻ

C:-A & B ശരി

D:-A & B തെറ്റ്

Correct Answer:- Option-A

Question19:-എഞ്ചിനുകൾ തീപിടിക്കുമ്പോൾ കെടുത്തുന്നതിന് ഉപയോഗിക്കുന്നത്

A:-വെള്ളം

B:-മണൽ

C:-കാർബൺഡൈ ഓക്സൈഡ്

D:-ഇവയെല്ലാം

Correct Answer:- Option-C

Question20:-താപം അളക്കുന്നതിന് _________ ഉപയോഗിക്കുന്നു.

A:-കാലിപ്പേർസ്

B:-തെർമോ മീറ്റർ

C:-മൈക്രോ മീറ്റർ

D:-ഇവയെല്ലാം

Correct Answer:- Option-B

Question21:-_________ പമ്പുകൾ പ്രൈമിങ്ങ് ചെയ്യേണ്ട ആവശ്യമില്ല.

A:-സെൻട്രിഫ്യൂഗൽ പമ്പുകൾ

B:-പോസിറ്റീവ് ഡിസ്പ്ലേസ്മെന്റ് പമ്പുകൾ

C:-ഗിയർ പമ്പുകൾ

D:-ഇവയെല്ലാം

Correct Answer:- Option-B

Question22:-ക്രാങ്ക്ഷാഫ്റ്റ് നിർമ്മിച്ചിരിക്കുന്നത്

A:-മൈൽഡ് സ്റ്റീൽ

B:-ഫോർജ്ഡ് സ്റ്റീൽ

C:-സ്റ്റെയിൻലസ് സ്റ്റീൽ

D:-ഇവയെല്ലാം

Correct Answer:- Option-B

Question23:-ഇൻലെറ്റ് വാൽവുകൾ എക്സോസ്റ്റ് വാൽവുകളേക്കാൾ

A:-വലുതാണ്

B:-ചെറുതാണ്

C:-ഒരേ തരത്തിലുള്ളതാണ്

D:-ഇവയെല്ലാം ശരി

Correct Answer:- Option-A

Question24:-പരോക്ഷ തണുപ്പിക്കൽ ആവശ്യമായ സാഹചര്യം

A:-ഉപ്പുവെള്ളത്തിൽ പ്രവർത്തിക്കുന്ന ജലവാഹനങ്ങൾ

B:-മാലിന്യം കലർന്ന വെള്ളത്തിൽ പ്രവർത്തിക്കുന്ന ജലവാഹനങ്ങൾ

C:-A & B

D:-എല്ലാം തെറ്റ്

Correct Answer:- Option-C

Question25:-പങ്ക/പ്രൊപ്പല്ലർ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നത്

A:-അലൂമിനിയം സങ്കരങ്ങൾ

B:-ഓട്

C:-പിച്ചള

D:-ഇവയെല്ലാം

Correct Answer:- Option-D

Question26:-ഒരു ഓം പ്രതിരോധമുള്ള ഒരു ചാലകത്തിലൂടെ ഒരു ആമ്പിയർ വൈദ്യുത പ്രവാഹം ഉണ്ടാക്കുന്ന വൈദ്യുതമർദ്ദം അറിയപ്പെടുന്നത് ?

A:-ഒരു വോൾട്ട്

B:-ഒരു കൂലോംബ്

C:- ഒരു ഹെർട്സ്

D:-ഒരു വെബർ

Correct Answer:- Option-A

Question27:-

ഓം സംബന്ധി ച്ച്താഴെ പറയുന്നവയിൽ ഏത് പ്രസ്താവനയാണ് / പ്രസ്താവനകളാണ് ശരി ?

i. വൈദ്യുതപ്രതിരോധത്തിന്റെ (Resistance) യൂണിറ്റ് ഓം ആണ്
ii. വൈദ്യുത ഇംപീഡൻസിന്റെ യൂണിറ്റ് ഓം ആണ്
iii. കപ്പാസിറ്റൻസിന്റെ യൂണിറ്റ് ഓം ആണ്
iv. ഇൻഡക്ടൻസിന്റെ യൂണിറ്റ് ഓം ആണ്

A:- i മാത്രം

B:- ii മാത്രം

C:-i & ii മാത്രം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-C

Question28:-ഒരു വൈദ്യുത സർക്യൂട്ടിൽ ഒരുസെക്കൻഡിൽ പൂർത്തിയാകുന്ന സൈക്കിളുകളുടെ എണ്ണം അറിയപ്പെടുന്നത്

A:-ടൈംപിരീഡ്

B:-ഫ്രീക്വൻസി

C:-ആംപ്ലിറ്റ്യൂഡ്

D:-ഇലക്ട്രിക്എനർജി

Correct Answer:- Option-B

Question29:-

1. ഒരുചാലകത്തിലൂടെയുള്ളവൈദ്യുതപ്രവാഹത്തെഎതിർക്കുന്ന ആ ചാലകത്തിന്റെ ഗുണം അറിയപ്പെടുന്നത്

A:-ഇ.എം.എഫ്.

B:-ചാലകത

C:- വോൾട്ടേജ്

D:-പ്രതിരോധം

Correct Answer:- Option-D

Question30:-വൈദ്യുത പ്രവാഹത്തിന്റെ യൂണിറ്റ് ഏത് ?

A:-ആംപിയർ

B:-വാട്ട്

C:-ജൂൾ

D:- ഓം

Correct Answer:- Option-A

Question31:- ഒരുഇൻസ്റ്റലേഷന്റെ ഇൻസുലേഷൻറെ സിസ്റ്റൻസ് അളക്കാൻ പൊതുവെ ഉപയോഗിക്കുന്ന ഉപകരണം ഏത് ?

A:-വാട്ട്മീറ്റർ

B:- മെഗ്ഗർ

C:- വോൾട്ട്മീറ്റർ

D:- ഫ്രീക്വൻസിമീറ്റർ

Correct Answer:- Option-B

Question32:-

ലെഡ് ആസിഡ്ബാറ്ററിയിൽ ഉപയോഗിക്കുന്ന ഇലക്ട്രോലൈറ്റ് ഏത് ?

A:- നേർപ്പിച്ചഹൈഡ്രോ ക്ലോറിക് ആസിഡ്

B:-നേർപ്പിച്ച സൾഫ്യൂരിക് ആസിഡ്

C:-നേർപ്പിച്ച നൈട്രിക് ആസിഡ്

D:-പൊട്ടാസ്യം ഹൈഡ്രോക്സൈഡ്

Correct Answer:- Option-B

Question33:- നിക്കൽ അയൺബാറ്ററിയിൽ, പോസിറ്റീവ്പ്ലേറ്റ്നിർമ്മിച്ചിരിക്കുന്നത്

A:- നിക്കൽ സ്റ്റീൽസ്ട്രിപ്പ്

B:- പൊട്ടാസ്യം ഹൈഡ്രോക്സൈഡ്

C:-നിക്കൽ ഹൈഡ്രോക്സൈഡ്

D:-  പൊട്ടാസ്യം സൾഫേറ്റ്

Correct Answer:- Option-C

Question34:-

1. സാധാരണസാഹചര്യത്തിൽവൈദ്യുതപ്രവാഹംബന്ധിപ്പിക്കാനും വഹിക്കാനുംവിച്ഛേദിക്കാനും, അസാധാരണ സാഹചര്യത്തിൽ വൈദ്യുത പ്രവാഹം വിച്ഛേദിക്കാനും കഴിയുന്ന യാന്ത്രിക സ്വിച്ചിംഗ് ഉപകരണം ഏത് ?

A:- ചോക്ക്

B:-റിയോസ്റ്റാറ്റ്

C:-ഫ്യൂസ്

D:-സർക്യൂട്ട്ബ്രേക്കർ

Correct Answer:- Option-D

Question35:-കേബിളിന്റെ ബെഡ്ഡിംഗിനുകളിലുള്ളതും കേബിൾ സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന യാന്ത്രികക്ഷതങ്ങളിൽ നിന്ന്കേബിളിനെ സംരക്ഷിക്കുന്നതുമായ ഭാഗംഅറിയപ്പെടുന്നത്

A:- സർവിംഗ്

B:- ആർമറിംഗ്

C:-മെറ്റാലിക്ഷീത്ത്

D:-പേപ്പർബെൽറ്റ്

Correct Answer:- Option-B

Question36:-കൂടുതൽ ടെൻസൈൽ ശക്തി ആവശ്യമായ ഓവർ ഹെഡ്ലൈനുകളിൽ ഉപയോഗിക്കുന്നകേബിൾജോയിന്റ് ഏത് ?

A:- ബ്രിട്ടാനിയ ജോയിന്റ്

B:- റാറ്റ്ടെയിൽ ജോയിന്റ്

C:-മാരീഡ്ജോയിന്റ്

D:-ഏരിയൽടാപ്പ്ജോയിന്റ്

Correct Answer:- Option-A

Question37:-

1. വൈദ്യുതാഘാതം തടയുന്നതുമായി ബന്ധപ്പെട്ട്താഴെ പറയുന്നവയിൽ ഏത് പ്രസ്താവനയാണ് / പ്രസ്താവനകളാണ്തെറ്റായത് ?
   i. യോഗ്യതയുള്ള വ്യക്തികൾ മാത്രമേ വൈദ്യുതജോലികൾ ചെയ്യാവൂ.
   ii. വൈദ്യുതി പ്രവഹിക്കുന്ന സർക്യൂട്ടിൽ ജോലി ചെയ്യുക.
   iii. ജോലി ചെയ്യുമ്പോൾ റബ്ബർ മാറ്റിൽ നിൽക്കുക.
   iv. സർക്യൂട്ട് ഓഫ്ചെയ്തതിനുശേഷം മാത്രം ഫ്യൂസ്നീക്കം ചെയ്യുക.

A:-i മാത്രം

B:- ii മാത്രം

C:-iii മാത്രം

D:-iv മാത്രം

Correct Answer:- Option-B

Question38:-താഴെപ്പറയുന്നവയിൽ ഏതാണ് ഒരു ഡി.സി. മോട്ടോറിന്റെ ഇനം അല്ലാത്തത് ?

A:- ഷണ്ട്മോട്ടോർ

B:-സീരീസ്മോട്ടോർ

C:-ഇൻഡക്ഷൻ മോട്ടോർ

D:-കോമ്പൗണ്ട്മോട്ടോർ

Correct Answer:- Option-C

Question39:-

1. ഒരുഇലക്ട്രോലൈറ്റിന്റെ ആപേക്ഷിക സാന്ദ്രത അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?

A:-ഹൈഗ്രോമീറ്റർ

B:-ഹൈഡ്രോഫോൺ

C:-ഹൈപ്സോമീറ്റർ

D:- ഹൈഡ്രോമീറ്റർ

Correct Answer:- Option-D

Question40:-

1 ബാറ്ററി ചാർജ്ചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായ ലാമ്പ് ഏത് ?

A:- സോഡിയം വേപ്പർലാമ്പ്

B:- ആർക്ക്ലാമ്പ്

C:-ഇൻകാൻഡസെന്റ്ലാമ്പ്

D:-കാർബൺഫിലമെന്റ്ലാമ്പ്

Correct Answer:- Option-D

Question41:-ഉൾനാടൻ ജലാശയങ്ങളിൽ സർവ്വീസ് നടത്തുന്ന യാനങ്ങളിൽ മാലിന്യ നിർമ്മാർജ്ജന നിയമങ്ങളെക്കുറിച്ച് വ്യക്തമാക്കുന്ന പ്ലക്കാർഡ് പ്രദർശിപ്പിക്കേണ്ടത് ഏത് തരം യാനങ്ങളിലാണ് ?

A:-5 മീറ്ററിൽ കൂടുതൽ നീളമുള്ള യാനങ്ങളിൽ

B:-10 മീറ്ററിൽ കൂടുതൽ നീളമുള്ള യാനങ്ങളിൽ

C:-15 മീറ്ററിൽ കൂടുതൽ നീളമുള്ള യാനങ്ങളിൽ

D:-എല്ലാ യാനങ്ങളിലും

Correct Answer:- Option-B

Question42:-“15 PPM” എന്നതിന്റെ പൂർണ്ണരൂപം എന്താണ് ?

A:-പാർട്ടിക്കിൾ പെർ മിനിറ്റ്

B:-പ്രഷർ പമ്പ് മെഷർമെന്റ്

C:-പാർട്ട്സ് പെർ മില്യൺ

D:-പാർട്ട്സ് പെർ ക്യൂബിക് മീറ്റർ

Correct Answer:- Option-C

Question43:-ഒരു പോർട്ട് ഓഫീസർ/സർവ്വെയർ, ബോട്ടുകൾ/ജലയാനങ്ങൾ പരിശോധി ക്കുമ്പോൾ ഓയിൽ റെക്കോഡ് ബുക്ക് ആവശ്യപ്പെടുന്നത് പ്രധാനമായും എന്തിനാണ് ?

A:-ബോട്ടിന്റെ യാത്രക്കാരുടെ എണ്ണം പരിശോധിക്കാൻ

B:-ബോട്ട് പരിസ്ഥിതി മലിനീകരണ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ

C:-ബോട്ടിന്റെ വേഗത കണക്കാക്കാൻ

D:-ജീവനക്കാരുടെ ശമ്പള വിവരങ്ങൾ അറിയാൻ

Correct Answer:- Option-B

Question44:-ഒരു ഹൗസ് ബോട്ടിലെ ശൗചാലയ മാലിന്യങ്ങൾ (Sewage) നേരിട്ട് കായലുകളിലോ നദികളിലോ ഒഴുക്കി വിടുന്നത് നിയമപ്രകാരം അനുവദിനീയമാണോ ?

A:-അതെ, പകൽ സമയങ്ങളിൽ ഒഴുക്കാം

B:-തുറമുഖങ്ങളിൽ വച്ച് മാത്രം ഒഴുക്കാം

C:-യാത്രക്കാരുടെ എണ്ണം കുറവാണെങ്കിൽ ഒഴുക്കാം

D:-ഇല്ല. പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. പ്ലാന്റിൽ ശുദ്ധീകരിക്കുകയോ ഹോൾഡിങ്ങ് ടാങ്കിൽ സൂക്ഷിക്കുകയും വേണം

Correct Answer:- Option-D

Question45:-ശൗചാലയ മാലിന്യവും മലിന ജലവും ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന “STP” യുടെ പൂർണ്ണരൂപം എന്ത് ?

A:-Sea Transport Protector

B:-Sewage Treatment Piping

C:-System Toxic Purification

D:-Sewage Treatment Plant

Correct Answer:- Option-D

Question46:-വാച്ച് കീപ്പിങ്ങ് ഡ്യൂട്ടിയുള്ള ജീവനക്കാരൻ എഞ്ചിൻ റൂമിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യം എന്താണ് ?

A:-ബോട്ടിലെ യാത്രക്കാരുടെ ടിക്കറ്റ് പരിശോധിക്കുക

B:-ബോട്ടിന്റെ വേഗത നിയന്ത്രിക്കുക

C:-യന്ത്രങ്ങളുടെ താപനില, മർദ്ദം (പ്രഷർ) എന്നിവ നിരീക്ഷിക്കുകയും, എണ്ണ ചോർച്ച  ഇല്ലെന്ന് ഉറപ്പാക്കുകയും ചെയ്യുക

D:-റേഡിയോ സന്ദേശങ്ങൾക്ക് മറുപടി നൽകുക

Correct Answer:- Option-C

Question47:-
എഞ്ചിൻ റൂം ലോഗ് ബുക്കിൽ ദിവസവും അവസാനമായി ഒപ്പ് വച്ച് എല്ലാ വിവരങ്ങളും കൃത്യമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടത് ആരാണ് ?

A:-തുറമുഖ ഓഫീസർ

B:-ബോട്ടിലെ ഷെഫ്

C:-IV എഞ്ചിനീയർ

D:-സ്രാങ്ക്

Correct Answer:- Option-C

Question48:-ബോട്ടിലെ നാവിഗേഷൻ വാച്ച് ഡ്യൂട്ടി കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നെസ്സിൽ ഏറ്റവും കർശനമായി പരിശോധിക്കുന്ന ഘടകം ഏതാണ് ?

A:-ശാരീരിക ഉയരം

B:-നീന്തൽ വേഗത

C:-ഭാരദ്വഹന ശേഷി

D:-നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവ് (Colour Vision)

Correct Answer:- Option-D

Question49:-ഒരു ആധുനിക ജലയാനത്തിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യാനും അവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താനും ഉപയോഗിക്കുന്ന സിസ്റ്റത്തിന്റെ പേരെന്താണ് ?

A:-ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം (GPS)

B:-സോഷ്യൽ മീഡിയ നെറ്റ് വർക്ക്

C:-ഓട്ടോമാറ്റിക് ടെല്ലർ മെഷീൻ

D:-പ്ലാന്റ് മെയിന്റനൻസ് സിസ്റ്റം

Correct Answer:- Option-D

Question50:-കമ്പ്യൂട്ടറിൽ തയ്യാറാക്കിയ ഒരു പ്രധാനപ്പെട്ട സുരക്ഷാ ഫയൽ ഭാവിയിൽ എളുപ്പത്തിൽ കണ്ടുപിടിക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗം ഏതാണ് ?

A:-ഫയലിന് കൃത്യമായ പേര് നൽകി പ്രത്യേക ഫോൾഡറിൽ സൂക്ഷിക്കുക

B:-എല്ലാ ഫയലും ഡെസ്ക്ക് ടോപ്പിൽ ഇടുക

C:-പേര് നൽകാതെ സേവ് ചെയ്യുക

D:-സേവ് ചെയ്യാതെ വിടുക

Correct Answer:- Option-A

Question51:- ഒരു ലെഡ്-ആസിഡ്ബാറ്ററിയിൽ "സൾഫേഷൻ" എന്ന പ്രതിഭാസം സംഭവിക്കുന്നത് എപ്പോൾ ?

A:-ബാറ്ററി പൂർണ്ണമായി ചാർ ജ്ചെയ്തിരിക്കുമ്പോൾ

B:-ബാറ്ററി ദീർഘ കാലത്തേക്ക്ഡിസ്ചാർജ്ചെയ്ത അവസ്ഥയിൽ വെച്ചിരിക്കുമ്പോൾ

C:-ബാറ്ററി ഉയർന്ന അന്തരീക്ഷ താപനിലയ്ക്ക് വിധേയമാകുമ്പോൾ

D:-ബാറ്ററിഅമിതമായിചാർജ്ചെയ്യുമ്പോൾ

Correct Answer:- Option-B

Question52:- ഒരു ബാറ്ററിയിൽ, ആന്തരിക പ്രതിരോധം

A:-ബാറ്ററി ഡിസ്ചാർജ്ജ് ആകുമ്പോൾ കുറയുന്നു

B:-ബാറ്ററി പഴകുന്തോറും കൂടുന്നു

C:-ബാറ്ററിയുടെ ആയുസ്സ്മുഴുവനും സ്ഥിരമായി തുടരുന്നു

D:-സെക്കൻഡറി ബാറ്ററികളിൽ പൂജ്യമാണ്

Correct Answer:- Option-B

Question53:-

1\.

ഒരു ഡിസിമോട്ടോറിനെ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന പ്രധാന നിർമ്മാണ പരമായ വ്യത്യാസം താഴെ പ്പറയുന്നവയിൽ ഏതാണ് ?

i. ഒരു കമ്മ്യൂട്ടേറ്ററും ബ്രഷ് അസംബ്ലിയും.

ii. ഒരു സ്ക്വിറൽ-കേജ്റോട്ടർ.

iii. ഒരു ഭ്രമണംചെയ്യുന്ന കാന്തിക ക്ഷേത്രമുള്ള സ്റ്റേറ്റർ.

A:- i മാത്രം

B:- ii മാത്രം

C:-iii മാത്രം

D:- i & ii

Correct Answer:- Option-A

Question54:-

1\. ഒരുഡി.സി. മോട്ടോറുമായിതാരതമ്യപ്പെടുത്തുമ്പോൾ, സ്ക്വിറൽ-കേജ്ഇൻഡക്ഷൻമോട്ടോറിന്

A:- ബ്രഷുകൾഉള്ളതിനാൽഉയർന്നപരിപാലനംആവശ്യമാണ്.

B:- വിശ്വാസ്യതകുറവാണ്.

C:- ബ്രഷുകളോ കമ്മ്യൂട്ടേറ്ററോ ഇല്ലാത്തതിനാൽ പരിപാലനം കുറവാണ്.

D:- യാന്ത്രികബലം കുറവാണ്.

Correct Answer:- Option-C

Question55:-ഒരുഎയർബ്ലാസ്റ്റ്സർക്യൂട്ട്ബ്രേക്കറിൽ, ഉയർന്നമർദ്ദത്തിലുള്ളവായുപ്രവാഹം (air blast) ഉപയോഗിക്കുന്നത്

i. ആർക്കിനെആർക്ക്ഷൂട്ടുകളിലേക്ക്കയറ്റാൻ.

ii. ഡൈഇലക്ട്രിക്ശക്തിവർദ്ധിപ്പിക്കുന്നതിനായികോൺടാക്റ്റുകളെതണുപ്പിക്കാൻ.

iii. വൈദ്യുതപ്രവാഹംനിലനിർത്തുന്നതിനായിഎയർഗ്യാപ്പിനെഅയോണീകരിക്കാൻ.

A:-(i) & (ii) മാത്രം

B:-(ii) & (iii) മാത്രം

C:- (i) & (iii) മാത്രം

D:- മുകളിൽപറഞ്ഞവയെല്ലാം

Correct Answer:- Option-A

Question56:-

1. EHV (Extra High Voltage) സർക്യൂട്ട്ബ്രേക്കറുകളിൽഎന്തുകൊണ്ടാണ് $SF_6$ വാതകം കൂടുതലായി ഉപയോഗിക്കുന്നത് ?

i. ഇതിന് മികച്ച ആർക്ക്-ക്വെഞ്ചിംഗ്ഗുണങ്ങളുണ്ട്.

ii. ഇതിന് ഉയർന്ന ഇലക്ട്രോനെഗറ്റിവിറ്റി ഉള്ളതിനാൽ സ്വതന്ത്ര ഇലക്ട്രോണുകളെ ആകർഷിക്കുന്നു.

iii. ഇത് രാസപരമായി നിഷ്ക്രിയവും വിഷരഹിതവുമാണ്.

A:- I & ii മാത്രം

B:- ii & iii മാത്രം

C:-I & iii മാത്രം

D:- മുകളിൽപറഞ്ഞവയെല്ലാം

Correct Answer:- Option-D

Question57:-ഒരു ജനറേറ്ററിന്റെ സ്റ്റേറ്റർവൈൻഡിംഗിന്റെ ക്രമപ്രകാരമുള്ള മെഗ്ഗർടെസ്റ്റിംഗ് (Periodic Megger testing) നടത്തുന്നത്പ്രധാനമായും ഇത്കണ്ടെത്താനാണ്

A:- റോട്ടറിലെ യാന്ത്രിക അസന്തുലിതാവസ്ഥ

B:-ഈർപ്പം അല്ലെങ്കിൽ പഴക്കം മൂലമുണ്ടാകുന്ന ഇൻസുലേഷൻ പ്രതിരോധത്തിലെ കുറവ്

C:- ഔട്ട്പുട്ട്വോൾട്ടേജിലെ ഹാർമോണിക് വ്യതിയാനം

D:-ബെയറിംഗുകളിലെ ലൂബ്രിക്കന്റിന്റെ മലിനീകരണം.

Correct Answer:- Option-B

Question58:-കമ്മ്യൂട്ടേറ്റർ ഉപരിതലം ക്രമ പ്രകാരം പോളി ഷ്ചെയ്യുന്നതിന്റെ പ്രധാനഉദ്ദേശ്യം

A:- കാന്തികഫ്ലക്സ്വർധിപ്പിക്കുക

B:-സുഗമമായ വൈദ്യുത പ്രവാഹ ശേഖരണം ഉറപ്പാക്കുകയും ബ്രഷുകളുടെ തേയ്മാനം കുറയ്ക്കുകയും ചെയ്യുക

C:-ഔട്ട്പുട്ട്വോൾട്ടേജ്വർധിപ്പിക്കുക

D:-ബെയറിംഗ്ഘർഷണംകുറയ്ക്കുക

Correct Answer:- Option-B

Question59:-

1. എക്സ്ട്രാഹൈവോൾട്ടേജ് (EHV) കേബിളുകളിൽ “ഓയിൽ-ഫിൽഡ്” കേബിൾതിരഞ്ഞെടുക്കുന്നതിന്റെകാരണംഎന്താണ്?

i. സ്വയം-ശമനഗുണങ്ങളിലൂടെഇൻസുലേഷനിലെവിടവുകൾ ഇല്ലാതാക്കാൻ.

ii. കണ്ടക്ടറുകളെനന്നായിതണുപ്പിക്കാൻ.

iii. കേബിളിനെകൂടുതൽവഴക്കമുള്ളതാക്കാൻ.

A:-(I & ii) മാത്രം

B:-(ii & iii) മാത്രം

C:-(I & iii) മാത്രം

D:-മുകളിൽപറഞ്ഞവയെല്ലാം

Correct Answer:- Option-A

Question60:-ഉയർന്നവോൾട്ടേജ്കേബിൾജോയിന്റിംഗ്ചെയ്യുമ്പോൾ, മെറ്റാലിക്സ്ക്രീൻപ്രധാനമായുംപുനഃബന്ധിപ്പിക്കുന്നത്

A:-കണ്ടക്ടറിന്റെവൈദ്യുതപ്രവാഹശേഷിവർധിപ്പിക്കാൻ

B:-കേബിളിന്റെവഴക്കംമെച്ചപ്പെടുത്താൻ

C:-കണ്ടക്ടറിന്റെപ്രതിരോധംകുറയ്ക്കാൻ

D:-എർത്ത്തുടർച്ചയുംശരിയായവൈദ്യുതക്ഷേത്രനിയന്ത്രണവുംനിലനിർത്താൻ

Correct Answer:- Option-D

Question61:-എഞ്ചിന്റെ ബി. എച്ച്. പി. അളക്കുന്ന ഉപകരണം

A:-അമീറ്റർ

B:-പൈറോ മീറ്റർ

C:-ഡൈനോമീറ്റർ

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question62:-ഒരു എ.സി. പവ്വർ സിസ്റ്റത്തിൽ ഫ്രീക്വൻസി ആവൃത്തി എന്നാൽ

A:-ഒരു പൂർണ്ണ സൈക്കിൾ (ചക്രം) പൂർത്തിയാക്കാൻ എടുക്കുന്ന സമയം

B:-ഒരു സെക്കൻ്റിൽ ഉണ്ടാകുന്ന സൈക്കിളുകളുടെ എണ്ണം, ഇത് ഹെട്സിൽ (Hz) അളക്കുന്നു

C:-വോൾട്ടേജ് തരംഗത്തിൻ്റെ പരമാവധി ആംപ്ലിറ്റ്യൂഡ്

D:-ഫേസ് ആംഗ്ലിൻ്റെ മാറ്റത്തിൻ്റെ നിരക്ക്

Correct Answer:- Option-B

Question63:-എഞ്ചിൻ ഉത്പാദിപ്പിക്കുന്ന പവ്വറിനെ ഫ്ലൈവീലിന് കൈമാറുന്നത് ഏത് വഴിയാണ് ?

A:-കണക്ടിംങ് റോഡ്

B:-ക്രാങ്ക് ഷാഫ്റ്റ്

C:-ഫ്യൂവൽ ഇൻജക്ടർ

D:-ഫ്ലൈവീൽ

Correct Answer:- Option-B

Question64:-ജലവാഹനങ്ങളിലെ എൻജിനുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന കൂളിംഗ് സംവിധാനം താഴെപ്പറയുന്നവയിൽ ഏതാണ് ?

A:-എയർ കൂളിംഗ്

B:-ഓയിൽ കൂളിംഗ്

C:-വാട്ടർ കൂളിംഗ്

D:-ഇവയെല്ലാമാണ്

Correct Answer:- Option-D

Question65:-ഒരു ജലവാഹനത്തിന്റെ ഗതി നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന ഉപകരണം

A:-റഡാർ

B:-റെഡ്ഡർ

C:-ബൈനോക്കുലർ

D:-എക്കോസൗണ്ടർ

Correct Answer:- Option-B

Question66:-ഒരു ജലവാഹനം ഡ്രൈഡോക്ക് ചെയ്യേണ്ട സമയ പരിധി എത്രയാണ് ?

A:-അഞ്ച് വർഷത്തിൽ രണ്ട് തവണ

B:-എല്ലാ വർഷവും

C:-പത്ത് വർഷത്തിൽ രണ്ട് തവണ

D:-മൂന്ന് വർഷത്തിൽ രണ്ട് തവണ

Correct Answer:- Option-A

Question67:-താഴെപ്പറയുന്നവയിൽ ഏത് തരം പെയിന്റ് ആണ്  കപ്പലുകളിൽ ഉപയോഗിക്കുന്നത്?

A:-ആന്റി ഫൗളിംഗ് പെയിന്റ്

B:-ഇനാമൽ പെയിന്റ്

C:-ഇമൽഷൻ പെയിന്റ്

D:-ഡിസ്റ്റംബർ പെയിന്റ്

Correct Answer:- Option-A

Question68:-ഒരു ജലവാഹനത്തിന്റെ സീ-ചെസ്റ്റ് വാൽവ് ആയി ഉപയോഗിക്കുന്നത് ഏത് തരം വാൽവ് ആണ് ?

A:-ഗ്ലോബ് വാൽവ്

B:-ചെക്ക് വാൽവ്

C:-ബട്ടർഫ്ലൈ വാൽവ്

D:-നീഡിൽ വാൽവ്

Correct Answer:- Option-A

Question69:-രാത്രി സമയത്ത് ബങ്കറിംഗ് ഓപ്പറേഷൻ നടക്കുമ്പോൾ ഒരു ജലവാഹനം ഏത് കളർ ലൈറ്റാണ് പ്രദർശിപ്പിക്കേണ്ടത് ?

A:-ചുവപ്പ്

B:-മഞ്ഞ

C:-ഗ്രീൻ (പച്ച)

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question70:-ഉയർന്ന വിസ്കോസിറ്റി ഉള്ള കാർഗോ ഡിസ്ചാർജ്ജ് ചെയ്യാൻ ഒരു ജലവാഹനത്തിൽ ഏത് തരം പമ്പാണ് ഉപയോഗിക്കുന്നത് ?

A:-ജെറ്റ് പമ്പ്സ്

B:-ഗിയർ പമ്പ്സ്

C:-സെൻട്രിഫ്യൂഗൽ പമ്പ്സ്

D:-പ്രൊപ്പല്ലർ പമ്പ്സ്

Correct Answer:- Option-B

Question71:-യാനത്തിന്റെ എൻജിൻ, ജനറേറ്റർ, മറ്റ് യന്ത്രങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികളും പരിപാലന പ്രവർത്തനങ്ങളും ആരംഭിക്കുന്നതിന് മുമ്പ് സ്വീകരിക്കേണ്ട മുൻകരുതലുകൾ താഴെ കൊടുത്തവയിൽ ഏതെല്ലാമാണ് ?

A:-ചുമതലയുള്ള എഞ്ചിനീയർ യന്ത്രം വൈദ്യുതി വിതരണത്തിൽ നിന്ന് പൂർണ്ണമായിവേർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം

B:-മേൽ ഉപകരണത്തിൽ അനുയോജ്യമായ മുന്നറിയിപ്പ്/ജാഗ്രതാ അറിയിപ്പുകൾ പ്രദർശിപ്പിക്കണം

C:-ബന്ധപ്പെട്ട യന്ത്രങ്ങളിലെ താപനിലയും മർദ്ദവും സുരക്ഷിതമായ പ്രവർത്തനനിലവാരത്തിലേക്ക് കൊണ്ടുവരണം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question72:-ചുക്കായത്തിന്റെ ഡ്രോപ്പ് (Rudder Drop) അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏതാണ് ?

A:-റഡ്ഡർ ട്രാമൽ ഗേജ് (Rudder Trammel Gauge)

B:-റഡ്ഡർ പിന്റൽ (Rudder Pintle)

C:-റഡ്ഡർ ഗഡ്ജൺ (Rudder Gudgeon)

D:-റഡ്ഡർ സ്റ്റോക്ക് (Rudder Stock)

Correct Answer:- Option-A

Question73:-താഴെ പറയുന്നതിൽ ഡീസൽ എഞ്ചിന്റെ പതിവ് പരിപാലന (Routine Maintenance) പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവ തിരഞ്ഞെടുക്കുക.

A:-നിശ്ചിത പരിപാലന ഷെഡ്യൂൾ പ്രകാരം എയർ ഫിൽട്ടർ, ലൂബ്രിക്കേറ്റിംഗ് ഓയിൽ (L.O.) ഫിൽട്ടർ, ഫ്യൂവൽ ഓയിൽ ഫിൽട്ടർ എന്നിവ വൃത്തിയാക്കുക

B:-നിശ്ചിത പരിപാലന ഷെഡ്യൂൾ പ്രകാരം സമ്പ് (Sump) ലൂബ്രിക്കേറ്റിംഗ് ഓയിൽ (L.O.) മാറ്റുക

C:-മുകളിൽ പറഞ്ഞവയെല്ലാം

D:-മുകളിൽ പറഞ്ഞവയൊന്നുമല്ല

Correct Answer:- Option-C

Question74:-യാനത്തിന്റെ ഡീസൽ എഞ്ചിൻ സ്റ്റാർട്ട് ചെയ്യാൻ കഴിയുന്നില്ല. താഴെ പറയുന്നവയിൽ ഇതിന് കാരണമാകാൻ സാധ്യതയില്ലാത്തത് ഏതാണ് ?

A:-സ്റ്റാർട്ടർ മോട്ടോറിലോ അതുമായി ബന്ധപ്പെട്ട വൈദ്യുത വയറിംഗിലോ തകരാർ

B:-വാൽവ് ടൈമിംഗ് (Valve Timing) തെറ്റായിരിക്കാം

C:-എക്കോ സൗണ്ടർ (Eco Sounder) പ്രവർത്തിക്കാത്തതായിരിക്കാം

D:-എയർ ഇൻടേക്ക് സംവിധാനം (Air Intake System) തടസ്സപ്പെട്ടിരിക്കാം

Correct Answer:- Option-C

Question75:-

താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാമാണ് ?

i. ഡീസൽ എഞ്ചിന്റെ സിലിണ്ടർ ഹെഡ് (Cylinder Head) അഥവാ സിലിണ്ടർ കവർ (Cylinder Cover), കംമ്പംഷൻ ചേംബർ (Combustion Chamber) മൂടിയായി പ്രവർത്തിക്കുകയും കംമ്പംഷൻ പ്രക്രിയ നടക്കുന്നതിനുള്ള അടഞ്ഞ അറ (Enclosed Space) ഒരുക്കുകയും ചെയ്യുന്നു.

ii. ഡീസൽ എഞ്ചിന്റെ സിലിണ്ടർ ഹെഡിൽ എയർ ഇൻലറ്റ് വാൽവ് (Air Inlet Valve), എക്‌സോസ്റ്റ് വാൽവ് (Exhaust Valve), ഫ്യൂവൽ വാൽവ് (Fuel Valve), റിലീഫ് വാൽവ് (Relief Valve), സ്റ്റാർട്ടിംഗ് എയർ വാൽവ് (Starting Air Valve)ഉടങ്ങിയ ഘടകങ്ങൾ ഘടിപ്പിച്ചിരിക്കുന്നു.

iii. ക്രാങ്ക്ഷാഫ്റ്റ് (Crankshaft) ക്രാങ്ക്കേസിന് (Crankcase) പുറത്താണ് ഘടിപ്പിച്ചിരിക്കുന്നത.്

iv. ഗവർണറിന്റെ (Governor) പ്രധാന ധർമ്മം ഡീസൽ എഞ്ചിന്റെ വേഗത (Speed)നിയന്ത്രിക്കുന്നതാണ്.

A:-i & ii മാത്രം

B:-i, ii & iii മാത്രം

C:-i, ii & iv മാത്രം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-C

Question76:-യാനത്തിന്റെ എൻജിൻ റൂമിലെ ഇന്ധന പൈപ്പ് ലൈനിൽ (Fuel Pipeline) ഇന്ധന ചോർച്ച (Feul Leak) കണ്ടെത്തിയാൽ, സുരക്ഷാ മാനദണ്ഡങ്ങളും മലിനീകരണ നിയന്ത്രണ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് സ്വീകരിക്കേണ്ട നടപടികളിൽ തെറ്റായ വാചകം ഏതാണ് ?

A:-ഇന്ധന വിതരണം (Fuel Supply) ഉടൻ നിർത്തുക. സാഹചര്യം ഗുരുതരമാണെങ്കിൽ മാസ്റ്ററെ അറിയിച്ച് എൻജിൻ (Engine) നിർത്തുക.

B:-ഇന്ധന ചോർച്ചയുടെ ഉറവിടം കണ്ടെത്തി, കേടായ ഭാഗമോ ഉപകരണമോ സുരക്ഷിതമായി ഒറ്റപ്പെടുത്തുകയോ (Isolate) നീക്കം ചെയ്യുകയോ (Remove) ചെയ്യുക.

C:-ആവശ്യമായാൽ കേടായ ഭാഗം അറ്റകുറ്റപ്പണി (Repair) നടത്തുകയോ പുതിയ ഭാഗം ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുകയോ (Replace) ചെയ്യുക.

D:-അറ്റകുറ്റപ്പണി പൂർത്തിയായ ശേഷം ചോർച്ച പൂർണ്ണമായും നിലച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തന്നെ എൻജിൻ വീണ്ടും പ്രവർത്തിപ്പിക്കാം.

Correct Answer:- Option-D

Question77:-യാനത്തിന്റെ ഡീസൽ മറൈൻ എഞ്ചിന്റെ സിലിണ്ടർ ഹെഡ് ബ്ലോക്ക് (Cylinder Head Block) ഡിസ്മാന്റിലിംഗ് (Dismantling) ചെയ്യുന്നതിനും ഓവർഹോളിംഗ് (Overhauling) നടത്തുന്നതിനും സ്വീകരിക്കേണ്ട നടപടികളിൽ താഴെ പറയുന്നവയിൽ ശരിയായത് ഏതാണ് ?

A:-ജാക്കറ്റ് കൂളിംഗ് ഇൻലെറ്റ്, ഔട്ട്ലെറ്റ് വാൽവുകൾ അടച്ച് ജാക്കറ്റ് വാട്ടർ ഡ്രെയിൻ ചെയ്യുക; ഫ്യൂവൽ ലൈൻ വാൽവുകൾ അടച്ച് ഓരോ യൂണിറ്റിന്റെയും ഹൈ-പ്രഷർ പൈപ്പുകൾ നീക്കം ചെയ്യുക; ഫ്യൂവൽ വാൽവ് സീറ്റ് ലാപ്പ് ചെയ്യുക

B:-സ്കാവഞ്ച് മാനിഫോൾഡും എക്സോസ്റ്റ് മാനിഫോൾഡും നീക്കം ചെയ്യുക; സിലിണ്ടർ ഹെഡ് കവർ തുറന്ന് റോക്കർ ആംസ് ഡിസ്മാന്റിൽ ചെയ്യുക; സിലിണ്ടർ ഹെഡ് ഹോൾഡിംഗ് ബോൾട്ടുകൾ നീക്കം ചെയ്ത് സിലിണ്ടർ ഹെഡ് ബ്ലോക്ക് ഉയർത്തി മാറ്റുക

C:-ടൂൾ ഉപയോഗിച്ച് വാൽവ് സ്പ്രിംഗുകൾ കംപ്രസ് ചെയ്ത് സ്പ്ലിറ്റ് കോണുകൾ (Lock Rings) നീക്കം ചെയ്ത് സ്പ്രിംഗുകൾ ലൂസ് ചെയ്യുക

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question78:-ബങ്കറിംഗ് പ്രവർത്തനത്തിനിടെ (Bunkering Operation) എണ്ണമലിനീകരണം (Oilpollution) ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട മുൻകരുതലുകളിൽ താഴെ പറയുന്നവയിൽ ശരിയായത് ?

i. ഇന്റേർണൽ ടാങ്ക് ഓവർഫ്ലോ ക്രമീകരണം ഉണ്ടായിരിക്കണം; പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് അത് പരിശോധിക്കണം

ii. എല്ലാ ഡെക്ക് ഓപ്പണിങ്ങും (Deck Openings) സ്കപ്പറുകളും (Scuppers) പ്ലഗ് ചെയ്യുകയോ അടയ്ക്കുകയോ ചെയ്യണം. ഹോസ് പൈപ്പ് ലൈനുകളുടെ തന്ത്രപ്രധാന സ്ഥാനങ്ങളിൽ ഡിപ്പ് ട്രേകൾ (Dip Trays) സ്ഥാപിക്കണം. ടാങ്കുകളുടെ വെന്റ് ലൈനുകൾ തടസ്സമില്ലാതെ തുറന്നിരിക്കുന്നുവെന്ന് ഉറപ്പാക്കണം.

iii. ആവശ്യപ്പെടാത്ത എല്ലാ ഫ്ലാൻജുകളും ബ്ലാങ്ക് ചെയ്യണം; ടാങ്ക് സൗണ്ടിംഗുകൾ നിശ്ചിത ഇടവേളകളിൽ എടുക്കണം.

iv. SOPEP (Shipboard Oil Pollution Emergency Plan) കിറ്റ് ഉപയോഗിക്കാൻ സജ്ജമായി ലഭ്യമായിരിക്കണം.

A:-i, ii & iii മാത്രം

B:-മുകളിൽ കൊടുത്തവയെല്ലാം

C:-i, iii & iv മാത്രം

D:-i, ii & iv മാത്രം

Correct Answer:- Option-B

Question79:-താഴെ കൊടുത്തവയിൽ നിന്നും ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. ഡീസൽ എൻജിൻ പ്രവർത്തിക്കുമ്പോൾ പിസ്റ്റൺ റിംഗുകൾ (Piston Rings) സിലിണ്ടർ ലൈനറുകളിലും (Cylinder Liners) ഷാഫ്റ്റ് (Shaft)ബെയറിംഗ് മെറ്റലിലും (Bearing Metal), ഗിയർ പല്ലുകൾ (Gear Teeth) പിനിയൻ പല്ലുകളിലും (Pinion Teeth) ഘർഷണം ഉണ്ടാക്കുന്നു. ഈ ഭാഗങ്ങൾക്ക് ലൂബ്രിക്കേറ്റിംഗ് ഓയിൽ ലഭിക്കാത്തപക്ഷം ഘർഷണം വളരെ കൂടുതലായി എൻജിൻ തകരാറിലാകാം.

ii. മെഗർ ടെസ്റ്റിംഗ് (Megger Testing) എന്നത് എൻജിൻ വൈബ്രേഷൻ (Engine Vibration) കാലാനുസൃതമായി പരിശോധിക്കുന്നതിനുള്ള നിയമപരമായ പരിശോധനയാണ്; ഇതിന്റെ രേഖകൾ ലോഗ് ബുക്കിൽ സൂക്ഷിക്കണം.

iii. എൻജിനിനുള്ള ലൂബ്രിക്കേറ്റിംഗ് ഓയിൽ ക്രാങ്ക്ഷാഫ്റ്റിന് (Crankshaft) താഴെയുള്ള ഓയിൽ സമ്പിൽ (Oil Sump) സൂക്ഷിക്കുന്നു. അതിനാൽ ഇതിനെ ക്രാങ്ക്കേസ് ഓയിൽ (Cranckcase oil) എന്നും വിളിക്കുന്നു.

iv. ഏതൊരു ഇന്റേണൽ കംമ്പഷൻ എൻജിനും (Internal Combustion Engine) സ്റ്റാർട്ട് ചെയ്യുന്നതിന് മുമ്പ്, എൻജിൻ മെക്കാനിക്കലായി തിരിച്ച് സിലിണ്ടറിനുള്ളിൽ കുടുങ്ങിയിരിക്കുന്ന വെള്ളമോ മറ്റ് തടസ്സങ്ങളോ ഇല്ലെന്ന് ഉറപ്പാക്കണം; ഇതിനെ എൻജിൻ ക്രാങ്കിംഗ് (Cranking the Engine) എന്ന് വിളിക്കുന്നു.

A:-i, ii & iii മാത്രം

B:-i, ii & iv മാത്രം

C:-ii, iii & iv മാത്രം

D:-i, iii & iv മാത്രം

Correct Answer:- Option-D

Question80:-

ഉൾനാടൻ യാനങ്ങൾക്കായുള്ള (മലിനീകരണം തടയലും നിയന്ത്രണവും സംബന്ധിച്ച) റൂൾസ്, 2022 (2025-ലെ ഭേദഗതികളോടെ) സംബന്ധിച്ച് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക.

i. മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള ഉപകരണങ്ങളും യന്ത്രസാമഗ്രികളും ''ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് '' അഥവാ ''ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡിസേഷൻ'' അംഗീകരിച്ചതായിരിക്കണം.

ii. ഉൾനാടൻ യാനങ്ങളിൽ ഉപയോഗിക്കുന്ന മറൈൻ ഫ്യൂൽ ഓയിൽ/ഡീസൽ എന്നിവയിലെ സൾഫറിന്റെ അംശം 0.5% m/m-L നെ കവിയരുത്.

iii. ഓരോ ഉൾനാടൻ യാനങ്ങളും മേൽ നിയമത്തിൽ നിർദേശിച്ച ശേഷിയുള്ള ഹോൾഡിങ് ടാങ്ക് അല്ലെങ്കിൽ സമാന സംവിധാനത്തോടെ സജ്ജമായിരിക്കണം, എന്നാൽ നിലവിലുള്ള യാനങ്ങൾക്ക ഈ വ്യവസ്ഥ ബാധകമല്ല.

iv. ഉൾനാടൻ ജലാശയങ്ങളിൽതുറമുഖങ്ങളില്ലാത്തഭാഗങ്ങളിൽഓയിൽപോലൂഷനോകെമിക്കൽസ്പില്ലേജോസംബന്ധിച്ചഏതൊരുസംഭവവുംനടന്നാലുംകേരളം മാരിടൈംബോർഡിനേയുംപരിതസ്ഥിതിനിയമപ്രകാരംപൊല്ലൂഷൻബോർഡിനേയുംകൂടാതെമറ്റ് നിയമപ്രകാരംഅറിയിക്കേണ്ടഅധികാരികൾക്കുംഅറിയിക്കണം.

A:-i & ii മാത്രം

B:-ii മാത്രം

C:-iii മാത്രം

D:-i & iv മാത്രം

Correct Answer:- Option-C

Question81:-പ്രത്യക്ഷ രക്ഷാ ദൈവസഭ എന്ന നവോത്ഥാന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ആര് ?

A:-ശുഭാനന്ദാ ഗുരുദേവൻ

B:-ചവറ കുര്യാക്കോസ് ഏലിയസ്

C:-കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള

D:-പൊയ്കയിൽ യോഹന്നാൻ

Correct Answer:- Option-D

Question82:-പെരിനാട് ലഹളക്ക് നേതൃത്വം നൽകിയ സാമൂഹിക പരിഷ്കർത്താവ്

A:-പണ്ഡിറ്റ് കറുപ്പൻ

B:-അയ്യങ്കാളി

C:-ഡോ. പൽപ്പു

D:-കുമാരനാശാൻ

Correct Answer:- Option-B

Question83:-

മൗണ്ട് K2 ഏത് പർവ്വതനിരയിലാണ് ഉൾപ്പെടുന്നത് ?

A:-പശ്ചിമഘട്ടം

B:-പൂർവ്വഘട്ടം

C:-ആരവല്ലി

D:-കാരക്കോറം

Correct Answer:- Option-D

Question84:-ഇന്ത്യയിലെ പ്രധാന വിവിധോദ്ദേശ്യ നദീതട പദ്ധതിയായ സർദാർ സരോവർ പദ്ധതി ഏത് നദിയിലാണ് നിർമ്മിച്ചിരിക്കുന്നത് ?

A:-മഹാനദി

B:-ഗോദാവരി

C:-നർമ്മദ

D:-കാവേരി

Correct Answer:- Option-C

Question85:-തെക്ക് പടിഞ്ഞാറൻ മൺസൂണിനോട് ചേർന്ന് വരുന്ന ഖാരിഫ് കാലത്തെ പ്രധാന കാർഷിക വിള ഏത് ?

A:-ഗോതമ്പ്

B:-നെല്ല്

C:-പയറുവർഗങ്ങൾ

D:-പുകയില

Correct Answer:- Option-B

Question86:-നിരാമയ ആരോഗ്യ ഇൻഷുറൻസ്പദ്ധതിയുമായി ബന്ധപ്പെട്ടത് ഏത് ?

A:-സംസ്ഥാനത്തെ അതി ദാരിദ്രം അനുഭവിക്കുന്നവർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്ന പദ്ധതി

B:-സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി

C:-സംസ്ഥാനത്തെ നിരാലംബരായ മുതിർന്ന പൗരന്മാർക്ക് പെൻഷനും ഇൻഷുറൻസ് പരിരക്ഷയും നൽകുന്ന പദ്ധതി

D:-ക്യാൻസർ രോഗികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി

Correct Answer:- Option-B

Question87:-ഥാർ മരുഭൂമിയുടെ സ്വാഭാവിക അതിരുകളിൽ പെടാത്തത് ഏത് ?

A:-വടക്ക് സത്‌ലജ് നദീതടം

B:-പടിഞ്ഞാറ് സിന്ധുനദീതടം

C:-തെക്ക് റാൻ ഓഫ് കച്ച്

D:-കിഴക്ക് സുന്ദർബൻ ഡെൽറ്റ

Correct Answer:- Option-D

Question88:-
താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഇൻഡ്യയുടെ കിഴക്കൻ
തീരസമതലത്തെക്കുറിച്ച് ശരിയായത് ഏത് ?
i. പൂർവ്വഘട്ടത്തിനും ബംഗാൾ ഉൾക്കടലിനും മധ്യേ സ്ഥിതിചെയ്യുന്നു.
ii. മാഹാനദി ഡെൽറ്റ പ്രദേശം മുതൽ കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്നു.
iii. നേവഷേവ, മോർമഗോവ തുടങ്ങി പ്രധാന പ്രകൃതിദത്ത തുറമുഖങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു.

A:-i, ii മാത്രം

B:-ii, iii മാത്രം

C:-എല്ലാം ശരി (i, ii, iii)

D:-i, iii മാത്രം

Correct Answer:- Option-A

Question89:-കേരളത്തിലെ നീളം കൂടിയ രണ്ടാമത്തെ നദി ഏത്

A:-ഭാരതപുഴ

B:-ചാലിയാർ പുഴ

C:-മഞ്ചേശ്വരം പുഴ

D:-പെരിയാർ

Correct Answer:- Option-A

Question90:-ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധമില്ലാത്ത ദേശീയ നേതാവ് ആര് ?

A:-അരുണ ആസഫ് അലി

B:-ജയപ്രകാശ് നാരായണൻ

C:-ലാലാലജ്പത്റായ്

D:-രാം മനോഹർ ലോഹ്യ

Correct Answer:- Option-C

Question91:-16-ാം കേരളമന്ത്രി സഭയിലെ പൊതു വിദ്യാഭ്യാസ മന്ത്രി ആര് ?

A:-എ. പി. അനിൽ കുമാർ

B:-ഒ. ജെ. ജനീഷ്

C:-എൻ. ഷംസുദ്ദീൻ

D:-കെ. എ. തുളസി

Correct Answer:- Option-C

Question92:-2026 ജനുവരി 7-ന് അന്തരിച്ച പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ

A:-എം. എസ്. സ്വാമിനാഥൻ

B:-മാധവ് ഗാഡ്ഗിൽ

C:-എം. ആർ. ശ്രീനിവാസൻ

D:-കസ്തൂരി രംഗൻ

Correct Answer:- Option-B

Question93:-ജനസംഖ്യയെ കുറിച്ചുള്ള പഠനം അറിയപ്പെടുന്ന പേര്

A:-ജിയോഗ്രഫി

B:-ഡെമോഗ്രാഫി

C:-സൈക്കോളജി

D:-ആന്ത്രോപോളജി

Correct Answer:- Option-B

Question94:-
കേരളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത് ?

A:-അഗസ്ത്യാർകൂടം

B:-ആനമുടി

C:-വയനാട്

D:-മീശപുലിമല

Correct Answer:- Option-B

Question95:-
താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണവുമായി ബന്ധമില്ലാത്തത് ഏത് ?

i. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാപിതമായ വർഷം 1885-ൽ ആണ്.

ii. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടന്നത് കൽക്കട്ടയിൽആണ്.

iii. കോൺഗ്രസിന്റെആദ്യപ്രസിഡന്റ് ഡബ്ല്യൂ.സി. ബാനർജിആണ്.

A:-i മാത്രം

B:-ii മാത്രം

C:-iii മാത്രം

D:-i, ii, iii ശരിയല്ല

Correct Answer:- Option-B

Question96:-ചൗരിചൗര സംഭവത്തെ തുടർന്ന് ഗാന്ധിജി പിൻവലിച്ച പ്രസ്ഥാനം

A:-സ്വദേശി പ്രസ്ഥാനം

B:-ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

C:-നിസ്സഹകരണ പ്രസ്ഥാനം

D:-സിവിൽ നിയമലംഘന പ്രസ്ഥാനം

Correct Answer:- Option-C

Question97:-സൈലന്റ്വാലി ദേശിയോദ്യാനം സ്ഥിതി ചെയ്യുന്ന ജില്ല ഏത് ?

A:-ഇടുക്കി

B:-വയനാട്

C:-കണ്ണൂർ

D:-പാലക്കാട്

Correct Answer:- Option-D

Question98:-ആത്മാനുതാപം എന്ന കൃതി രചിച്ചത് ആര് ?

A:-ശ്രീനാരായണ ഗുരു

B:-കുര്യാക്കോസ് ഏലിയാസ് ചാവറ

C:-ബ്രഹ്മാനന്ദ ശിവയോഗി

D:-കുമാരനാശാൻ

Correct Answer:- Option-B

Question99:-മിശ്രഭോജന പ്രസ്ഥാനം ആരംഭിച്ചത് ആര് ?

A:-അയ്യങ്കാളി

B:-സഹോദരൻ അയ്യപ്പൻ

C:-വി. ടി. ഭട്ടതിരിപ്പാട്

D:-വാഗ്ഭടാനന്ദൻ

Correct Answer:- Option-B

Question100:-വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന സന്ദേശം നൽകിയ കേരളത്തിലെസാമൂഹിക പരിഷ്കർത്താവ് ആര് ?

A:-അയ്യാ വൈകുണ്ഠ സ്വാമികൾ

B:-പണ്ഡിറ്റ് കെ. പി. കറുപ്പൻ

C:-ചട്ടമ്പിസ്വാമികൾ

D:-ശ്രീനാരായണഗുരു

Correct Answer:- Option-D